**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിലെ റേഷൻകടകൾ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തും ഈ താലൂക്കിലെ തന്നെ കടപ്പുറം ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിലെ മാട്ടുമ്മൽ പ്രദേശത്തും പുതിയ ന്യായവിലകടകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന ശേഷമാണ് ഈ കടകൾ അനുവദിച്ചിട്ടുള്ളത്. എന്നതിനാൽ സംവരണക്രമം പാലിച്ചുകൊണ്ട് ലൈസൻസികളെ കണ്ടെത്തുന്നതിനായി ന്യായവില കടകളുടെ ആദ്യഘട്ട വിജ്ഞാപനത്തിൽ ഈ കടകൾ ഉൾപ്പെടുത്തുകയും തുടർന്ന് പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.<br><br>16/05/2022 തീയതിയിലെ DSOTSR/704/2022-F2 നം. വിജ്ഞാപന പ്രകാരം പുന്ന പ്രദേശത്തെ ന്യായവില കടയ്ക്കായി ശ്രീമതി ഓമന സി.കെ. സമർപ്പിച്ച അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷക റൈറ്റർ (Document Writer) ആയി പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021, വകുപ്പ് (29) പ്രകാരം ശ്രീമതി. ഓമനയുടെ അപേക്ഷ നിരസിക്കുകയും ഇക്കാര്യം ശ്രീമതി. ഓമനയെ രേഖാമൂലം അറിയിക്കുകയും ചെയ്തു.<br><br>16/05/2022 തീയതിയിലെ DSOTSR/705/2022-F2 പ്രകാരം മാട്ടുമ്മൽ പ്രദേശത്തെ ന്യായവിലകടയ്ക്കായി അപേക്ഷകളൊന്നും ലഭിച്ചില്ല. |

തുടർന്ന് മേൽപ്പറഞ്ഞ രണ്ട് കടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിന് പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് പുനഃവിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ പുനഃവിജ്ഞാപന പ്രകാരവും ഈ രണ്ട് കടകൾക്കും അപേക്ഷകളൊന്നും ലഭിച്ചില്ല.

സംവരണ വിഭാഗത്തിൽ അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനായി മൂന്ന് തവണ വിജ്ഞാപനം ചെയ്യണമെന്നുള്ളതിനാൽ പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നു തന്നെ അപേക്ഷകരെ തേടികൊണ്ട് മൂന്നാമതും വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ വിജ്ഞാപന സമയപരിധിയായ 11/07/2025, 12/07/2025 എന്നീ തീയതികൾ വരെ അപേക്ഷകളൊന്നും ലഭിച്ചില്ല. ചാവക്കാട് താലൂക്കിലെ ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തും ഈ താലൂക്കിലെ തന്നെ കടപ്പുറം ഗ്രാമ പഞ്ചായത്തിലെ 5 -ാം വാർഡിലായുള്ള മാട്ടുമ്മൽ പ്രദേശത്തും അനുവദിച്ച പുതിയ ന്യായവിലകടകൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനായി പട്ടികജാതി (Scheduled Caste) വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് പുറപ്പെടുവിച്ച മൂന്ന് വിജ്ഞാപനങ്ങളിലും അപേക്ഷകൾ ലഭിക്കാത്തതിനാലും/യോഗ്യരായ അപേക്ഷകർ ഇല്ലാത്തതിനാലും നിയമനം സാധ്യമായില്ല.

മേൽ പ്രദേശങ്ങളിൽ വിജ്ഞാപനം സാധ്യമാകത്തക്ക ശതമാനം പട്ടിക വർഗ്ഗ (Scheduled Tribe) ജനസംഖ്യയില്ലായെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയ ശേഷം മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ പുതിയ ന്യായവിലകടകൾക്ക് പൊതു വിഭാഗത്തിൽ (General Category) നിന്നും അപേക്ഷകരെ തേടി വിജ്ഞാപനം പുറപ്പെടുവിച്ചു.

പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം പുന്ന പ്രദേശത്തെ കടയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 09/09/2025 തീയതി വരെയും മാട്ടുമ്മൽ പ്രദേശത്തെ കടയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 08/09/2025 തീയതി വരെയും സമയം അനുവദിച്ചിരുന്നു.

07/08/2025 തീയതിയിലെ DSOTSR/705/2022-F2 (GE 1) വിജ്ഞാപനപ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിലെ 5-ാംവാർഡിലായുള്ള മാട്ടുമ്മൽ പ്രദേശത്തെ ന്യായവില കടയ്ക്കായി ശ്രീമതി മിഷാര കെ.ജി. സമർപ്പിച്ച അപേക്ഷയിന്മേൽ പൊതുവിതരണ

| | | | |
|---|---|---|---|
| | | | ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.<br><br>08/08/2025 തീയതിയിലെ DSOTSR/704/2022-F2 (GE 1) വിജ്ഞാപന പ്രകാരം ചാവക്കാട് നഗരസഭയിൽ 5,6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തെ ന്യായവില കടയ്ക്കായി അപേക്ഷകളൊന്നും ലഭിച്ചില്ല. അപേക്ഷകൾ ഒന്നും ലഭിക്കാത്ത ഈ കടയ്ക്കായി പൊതു വിഭാഗത്തിൽ (General Category) നിന്നും അപേക്ഷകരെ തേടികൊണ്ട് 24/09/2025 തീയതിയിൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (DSOTSR/704/2022-F2 (GE II). വിജ്ഞാപന പ്രകാരം 24/10/2025 തീയതി വരെ അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ട്. |

സെക്ഷൻ ഓഫീസർ